സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

നടപടിക്രമം

വിദ്യാഭ്യാസം-സാങ്കേതികം-ശ്രീ.അഭിലാഷ്.ടി.എൻ, വാച്ച്മാൻ, സർക്കാർ പോളിടെക്നിക് കോളേജ്, കളമശ്ശേരി, എറണാകുളം -KSR പാർട്ട് I അനുബന്ധം XII A പ്രകാരം വിദേശത്ത് ഉദ്യോഗം സ്വീകരിക്കുന്നതിനുള്ള ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇഡി3/7749/2025 ജീവനക്കാര്യം (ഡി) വിഭാഗം 12-09-2025

---

വായന:-1) 21.08.2025 തീയതിയിലെ സർക്കാർ പോളിടെക്നിക് കോളേജ്,കളമശ്ശേരി പ്രിൻസിപ്പലിന്റെ ഇ2 /905/25/GPTCK നമ്പർ കത്ത്.
2) 01-12-2012 തീയതിയിലെ സർക്കാർ ഉത്തരവ് നം. (പി) .656/12/ധന.
3) 23-08-2012 തീയതിയിലെ സർക്കാർ ഉത്തരവ് നം. (പി) .471/12/ധന.
4) 05.11.2020 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (പി) 152/2020/ധന
5) 30-12-2020 തീയതിയിലെ 83/2020/ധന നംബർ സർക്കാർ പരിപത്രം.
6) 9/6/2022 തീയതിയിലെ 44/2022/ധന നംബർ സർക്കാർ പരിപത്രം.

ഉത്തരവ്

കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിലെ വാച്ച്മാൻ ശ്രീ.അഭിലാഷ്.ടി.എൻ നു 2025 സെപ്റ്റംബർ 16 മുതൽ അഞ്ചു വർഷത്തേക്ക് വിദേശത്ത് ഉദ്യോഗം സ്വീകരിക്കുന്നതിനു കേരള സർവീസ് ചട്ടം ഭാഗം I അനുബന്ധം XII A പ്രകാരം ശൂന്യ വേതന അവധി അനുവദിക്കുന്നതിന് ആവശ്യമായ അപേക്ഷയും അനുബന്ധരേഖകളും പ്രിൻസിപ്പാൾ ശിപാർശ ചെയ്തു അനുമതിക്കായി അയച്ചിരിക്കുന്നു

ടി സാഹചര്യത്തിൽ, സർക്കാർ പോളിടെക്നിക് കോളേജ്,കളമശ്ശേരിയിൽ വാച്ച്മാനായ ശ്രീ അഭിലാഷ് ടി എൻ നു വിദേശത്ത് ഉദ്യോഗം സ്വീകരിക്കുന്നതിനായി 16.09.2025 പൂർവാഹ്നം മുതൽ അഞ്ചു വർഷ കാലയളവിലേക്ക് കേരള സർവീസ് ചട്ടം ഭാഗം - I അനുബന്ധം XII A പ്രകാരമുള്ള ശൂന്യ വേതന അവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.പ്രസ്തുത അവധി കാലയളവ് ടി ഉദ്യോഗസ്ഥൻറെ പെൻഷൻ ഉൾപ്പടെയുള്ള ഒരു സേവന ആനുകൂല്യത്തിനുംകണക്കാക്കുന്നതായിരിക്കില്ല.ഇത് സംബന്ധിച്ച ആവശ്യമായ വിവരങ്ങൾ ടി ഉദ്യോഗസ്ഥൻറെ സേവനപുസ്തകത്തിൽ യഥാ ക്രമം രേഖപ്പെടുത്തേണ്ടതാണ്

ശ്രീ.അഭിലാഷ് ടി എൻ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിന് മുന്പ് കേരള സർവീസ് ചട്ടം ഭാഗം I അനുബന്ധം XII A ശൂന്യ വേതന അവധിയിൽ പ്രവേശിക്കുന്നതിനാൽ അവധി കഴിഞ്ഞു ജോലിയിൽ പ്രവേശിക്കുന്നത് പുതുതായി ജോലിയിൽ പ്രവേശിക്കുന്നതായിട്ടു കണക്കാക്കുന്നതാണ് .മുൻ കാല സർവീസ് യോഗ്യ കാലമായി ഒരു സേവന ആവശ്യത്തിനും കണക്കാക്കുന്നതല്ല.

വായന (4) ലെ സർക്കാർ ഉത്തരവ് പ്രകാരം ശൂന്യ വേതന അവധി അഞ്ചു വർഷത്തിൽ കൂടുതൽ അനുവദിക്കുവാൻ കഴിയില്ല. അനുവദിച്ചിരിക്കുന്ന അവധി കഴിയുന്ന മുറയ്ക്ക് സേവനത്തിൽ പ്രവേശിക്കാതിരുന്നാൽ വായന (5) പരിപത്രത്തിലെ നിർദേശ പ്രകാരം നടപടി സ്വീകരിക്കുന്നതാണ് .

അനുവദിച്ചിരിക്കുന്ന അവധി റദ്ദാക്കി/അവധി കാലാവധി കഴിഞ്ഞ ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാൻ ടി ഉദ്യോഗസ്ഥൻ പുന:പ്രവേശന അപേക്ഷ വായന (6) ൽ പറയും പ്രകാരം രണ്ട് മാസം മുൻ കൂട്ടി സ്ഥാപന മേധാവി മുഖാന്തരം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

അവധി സംബന്ധിച്ചുള്ള ആവശ്യമായ രേഖപ്പെടുത്തലുകൾ ടി യാൻറെ സേവന പുസ്തകത്തിൽ യഥാവിധി വരുത്തേണ്ടതാണ്

JAYAPRAKASH P
DIRECTOR (FULL ADDITIONAL CHARGE)

Signed by
Jayaprakash P
Date: 12-09-2025 00:08:18

പകർപ്പ്

1.ശ്രീ അഭിലാഷ് ടി എൻ , വാച്ച്മാൻ ( സർക്കാർ പോളിടെക്നിക് കോളേജ്,കളമശ്ശേരി പ്രിൻസിപ്പാൾ മുഖേന)
2. പ്രിൻസിപ്പാൾ,സർക്കാർ പോളിടെക്നിക് കോളേജ്,കളമശ്ശേരി(ശ്രീ അഭിലാഷ് ടി എൻ , വാച്ച്മാൻ,സർക്കാർ പോളിടെക്നിക് കോളേജ്,കളമശ്ശേരി അനുവദിച്ച അവധി സംബന്ധിച്ച രേഖപ്പെടുത്തലുകൾ ടിയാൻറെ സേവന പുസ്തകത്തിൽ ലീവ് അക്കൌണ്ട് പേജിൽ വരുത്തേണ്ടതാണ്)
3. അക്കൌണ്ടൻറ് ജനറൽ കേരള,തിരുവനന്തപുരം
4. ഇ-ഓഫീസ് കരുതൽ സഞ്ചയം